**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 883** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ വികസന ഫണ്ടിന്റെ വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി.ഉമ തോമസ്,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ സി ആർ മഹേഷ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ വികസന ഫണ്ടിന്റെ വിനിയോഗത്തിൽ അഴിമതി നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നില്ല.ശ്രദ്ധയിൽപ്പെടുന്ന വിഷയങ്ങളിൻമേൽ ആവശ്യമായ തുടർ നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര കോടി രൂപയുടെ അഴിമതി നടന്നതായാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | 2,79,21,061/-(രണ്ട് കോടി എഴുപത്തി ഒൻപത് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി അറുപത്തിയൊന്ന് രൂപ മാത്രം)രൂപയുടെ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി പ്രഥമ ദൃഷ്ട്യാ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | എസ്.സി., എസ്.ടി. പ്രമോട്ടർമാരും പട്ടികജാതി വികസന ഓഫീസർമാരും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും ഉൾപ്പെടുന്ന ഉദ്യോഗസ്ഥരിൽ പലരും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണനേതൃത്വവുമായി ചേർന്ന് അഴിമതി നടത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അവസാനിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ